**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5971</u>** **<u>25-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>സഹകരണ വകുപ്പ് പദ്ധതികളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിവിധ സഹകരണ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ **'മുറ്റത്തെ മുല്ല'** വായ്പാ പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ക്ലിപ്തം നമ്പർ 867 ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പാ വിതരണം നടത്തുന്നതിനാണ് അനുവദിച്ചിരുന്നത്. എന്നാൽ ടി കുടുംബശ്രീ യൂണിറ്റുകൾ വിതരണം ചെയ്ത വായ്പകൾ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടാത്ത അംഗങ്ങൾക്കും കൂടി വിതരണം നടത്തി എന്ന് ക്ലിപ്തം നമ്പർ.867 ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്കിന്റെ 2020-'21 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു.<br>2. വാർഷിക പദ്ധതി 2022-'23-ൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കിഴക്കേക്കല്ലട പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്യു 1455 –ന് അനുവദിച്ച 14 ലക്ഷം രൂപയിൽ 7,00,250/-രൂപ സംഘം പ്രോജക്ടിനായി ഉപയോഗിച്ചുവെങ്കിലും ബാക്കി 6,99,750/-രൂപ വക മാറ്റി ചെലവഴിച്ചതായി 2023-'24 വർഷത്തെ ഓഡിറ്റിലും അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ടിലും കണ്ടെത്തുകയുണ്ടായി.<br>3. തൃശ്ശൂർ ജില്ലയിലെ ക്ലിപ്തം നമ്പർ.1180 കൈപ്പമംഗലം കേര കർഷക സഹകരണ സംഘത്തിന് Assistance for Marketing |

| | | | |
|---|---|---|---|
| | | | Intervention Support and Processing Scheme അനുസരിച്ച് അനുവദിച്ച ഒരു കോടി രൂപ ശരിയായ രീതിയിൽ വിനിയോഗിക്കുകയോ തിരിച്ചടവ് നടത്തുകയോ ചെയ്തിട്ടില്ലായെന്ന് 2020-'21, 2022-'23 വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു.<br>4. സർക്കാർ പദ്ധതിയായ **CO-OP MART** സംഘം നടത്തണമെന്നിരിക്കെ തൃശൂർ ജില്ലയിലെ ആളൂർ സർവ്വീസ് സഹകരണ ബാങ്ക് ആയത് പുറമെ നിന്നുള്ള വ്യക്തിക്ക് നടത്താൻ അനുമതി നൽകുകയും **CO-OP MART** നടത്തുന്നതുമായി ബന്ധപ്പെട്ട ചിലവുകൾ സംഘം കണക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന് 2022-'23 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു.<br>5. തൃശൂർ ജില്ലയിലെ മണലൂർ കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ.330 ന് സംഘങ്ങൾക്കുള്ള വികസനവും വൈവിദ്ധ്യവൽക്കരണവും പദ്ധതി പ്രകാരം അനുവദിച്ചിരുന്ന തുകയിൽ നിന്നും വകമാറ്റി ചെലവഴിച്ചുവെന്ന് 2023-'24 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു.<br>6. തൃശ്ശൂർ ജില്ലയിലെ നെട്ടുപുഴ പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ.ആർ **201-**ന് ഏഡ് ആന്റ് പ്രോസസിംഗ് യൂണിറ്റ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന ധനസഹായ തുക കേരള ബാങ്ക് ഓവർ ഡ്രാഫ്റ്റിലേക്ക് അഡ്ജസ്റ്റ് ചെയ്തുവെന്ന് 2022-'23 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു. |
| (ബി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ബി) | 1. കൊല്ലം ജില്ലയിലെ ക്ലിപ്തം നമ്പർ 867 ക്ലാപ്പന സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടാത്ത കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് **'മുറ്റത്തെ മുല്ല'** വായ്പാ പദ്ധതിപ്രകാരം വായ്പ വിതരണം നടത്തിയ വിഷയത്തിൽ **കേരള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. പ്രവർത്തന പരിധിക്ക് പുറത്ത് നൽകിയിട്ടുള്ള വായ്പകൾ അടച്ച് തീർത്തിട്ടുണ്ട്.**<br>2. വാർഷിക പദ്ധതി 2022-'23-ൽ ഉൾപ്പെടുത്തി പട്ടികജാതി/പട്ടിക വർഗ്ഗ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി കിഴക്കേകല്ലട പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്യൂ 1455 –ന് അനുവദിച്ച **14** ലക്ഷം രൂപയിൽ |

7,00,250/-രൂപ സംഘം പ്രോജക്ടിനായി ഉപയോഗിച്ചുവെങ്കിലും ബാക്കി 6,99,750/-രൂപ വക മാറ്റി ചെലവഴിച്ചതായി 2023-'24 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. തൃശ്ശൂർ ജില്ലയിലെ ക്ലിപ്തം നമ്പർ.1180 കൈപ്പമംഗലം കേര കർഷക സഹകരണ സംഘത്തിന് Assistance for Marketing Intervention Support and Processing Scheme അനുസരിച്ച് അനുവദിച്ച ഒരു കോടി രൂപ ശരിയായ രീതിയിൽ വിനിയോഗിക്കുകയോ തിരിച്ചടവ് നടത്തുകയോ ചെയ്തിട്ടില്ലായെന്ന് 2020-'21, 2022-'23 വർഷങ്ങളിലെ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് കേരള സഹകരണ നിയമം വകുപ്പ് 65, 68(1) പ്രകാരമുള്ള അന്വേഷണം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
4. സർക്കാർ പദ്ധതിയായ CO-OP MART സംഘം നടത്തണമെന്നിരിക്കെ തൃശ്ശൂർ ജില്ലയിലെ ആളൂർ സർവ്വീസ് സഹകരണ ബാങ്ക് ആയത് പുറമെ നിന്നുള്ള വ്യക്തിക്ക് നടത്താൻ അനുമതി നൽകുകയും CO-OP MART നടത്തുന്നതുമായി ബന്ധപ്പെട്ട ചിലവുകൾ സംഘം കണക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന് 2022-'23 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു. സംഘം സ്ഥാപനം സ്വകാര്യ വ്യക്തിക്ക് വാടക കരാറിൽ ഏർപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ സ്ഥാപനം നിർത്തുന്നതിനായി 30.11.2024 തീയതിയിൽ കത്ത് നൽകുകയും തുടർന്ന് സംഘം ടി സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതുമാണ്.
5. തൃശ്ശൂർ ജില്ലയിലെ മണലൂർ കോ-ഓപ്പറേറ്റീവ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ.330 ന് സംഘങ്ങൾക്കുള്ള വികസനവും വൈവിദ്ധ്യവൽക്കരണവും പദ്ധതി പ്രകാരം അനുവദിച്ചിരുന്ന തുകയിൽ നിന്നും വകമാറ്റി ചെലവഴിച്ചുവെന്ന് 2023-'24 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയതിനെ തുടർന്ന് ധനസഹായ തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് സംഘത്തിന് നിർദ്ദേശം നൽയിട്ടുള്ളതും ടി വിഷയം സംബന്ധിച്ച്

| | | | |
|---|---|---|---|
| | | | സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം നടന്നുവരുന്നതുമാണ്.<br>6. നെട്ടുപുഴ പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ.ആർ 201-ന് ഫുഡ് ആന്റ് പ്രോസസിംഗ് യൂണിറ്റ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ചിരുന്ന ധനസഹായ തുക കേരള ബാങ്ക് ഓവർ ഡ്രാഫ്റ്റിലേക്ക് അഡ്ജസ്റ്റ് ചെയ്തുവെന്ന് 2022-'23 വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സംഘത്തിന് അനുവദിച്ച ധനസഹായ തുക ഭരണ സമിതി അംഗങ്ങളിൽ നിന്ന് തിരിച്ച് പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ